# പള്ളികഥകൾ

## മിനികഥകൾ തൊണ്ണൂറ്റി ഒന്ന്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫച്ചനും ഞാനും തിരിക്കിലായിരുന്നതു മൂലം ദീർഘകാലം കൂടിയാണ് കഥ പുറത്തു വരുന്നത്. തൊമ്മൻ അയയുമ്പോൾ ചാണ്ടി അയയുമ്പോൾ തൊമ്മൻ എന്നു പറഞ്ഞതു പോലെയായി. ക്രിസ്തുമസ്സും പുതു വത്സരവുമാവുമ്പോൾ ഞങ്ങൾ രണ്ടു പേരും തിരക്കിലാവുക സാധാരണമാണല്ലോ!

# സമ്മാനം

തങ്കമ്മയും സരസമ്മയും അമേരിക്കയിലെ ഒരേ ഇടവകക്കാരാണ്. രണ്ടുപേരും സാധാരണ പള്ളിയിൽ വെച്ച് വളരെ പരിമിതമായി മാത്രമേ, പൊതുവിൽ ആരോടും സംസാരിക്കാറുള്ളു. തന്മൂലം അവരെ രണ്ടു പേരേ കുറിച്ചും വളരെ നല്ല അഭിപ്രായമാണ് എല്ലാവർക്കും. രണ്ടു പേരും വളരെ കഠിനാദ്ധ്വാനികളാണ്.

അവരുടെ ഭർത്താക്കന്മാരായ തങ്കനും ജോണിയും വളരെ സംസാരക്കാരാണ്. തങ്കച്ചൻ എന്നത് ലോപിച്ചാണ് നാട്ടുകാർ തങ്കൻ എന്ന് ഓമനിച്ചു വിളിക്കുന്നത്. അയാൾക്കും അതിൽ യാതൊരു വിരോധവുമില്ല.

ഈ രണ്ടു കുടുംബങ്ങളും തമ്മിൽ വളരെ സ്നേഹത്തിലും സന്തോഷത്തിലും കഴിഞ്ഞിരുന്നതാണെങ്കിലും, പള്ളി രാഷ്ട്രീയം മൂത്തു വന്നതോടു കൂടി സ്വല്പം അകൽച്ചയിലായി. എന്നാലും അവർ സ്ത്രീകൾ തമ്മിൽ യാതൊരു അകൽച്ചയും ഇല്ല. തങ്കമ്മ വളരെ പ്രായമുള്ള ആളായിരുന്നു. ആരേ കണ്ടാലും എപ്പോഴും ചിരിച്ചു കൊണ്ടു എത്ര നേരം വേണമെങ്കിലും നിൽക്കും. ആരെന്തു പറഞ്ഞാലും അതിനൊന്നും മറുപടിയും പറയത്തില്ല. സരസമ്മയും ഏകദേശം അതു പോലെ തന്നെയാണെങ്കിലും, തങ്കമ്മയുടെ പ്രായത്തെ കണക്കിലെടുത്ത് ആൾക്കാർ അവരെ ഒരല്പം ബഹുമാനിച്ചിരുന്നു.

സന്ന്യാസി അച്ചന്മാരോ, ഭാര്യ കൂടെയില്ലാതെ തനിയെ താമസിക്കുന്ന അച്ചന്മാരോ പള്ളിയിൽ വികാരികളായി വന്നാൽ അവർക്ക് നിരന്തരം ഭക്ഷണം ഉണ്ടാക്കി കൊണ്ടു കൊടുക്കുക എന്നത് സരസമ്മയുടെ പ്രത്യേക ഗുണങ്ങളിലൊന്നാണ്. ആ പള്ളിയിലെ പല സ്ത്രീകളും ഇങ്ങിനെ ചെയ്യുമെങ്കിലും സരസമ്മ ഇക്കാര്യത്തിൽ വളരെ മുൻപിലാണ്. അതിന്റെ അനുഗ്രഹം കിട്ടുമെന്ന് അവർ വിശ്വസിക്കുന്നു. എന്നാൽ തങ്കമ്മ ഇക്കാര്യത്തിൽ അല്പം പിന്നിലാണ്. സരസമ്മ ഭക്ഷണം ഉണ്ടാക്കിയാൽ തങ്കൻ അത് കൊണ്ടു കൊടുക്കും. ജോണിക്ക് ഇക്കാര്യത്തിൽ അത്ര താല്പര്യം ഇല്ലാത്തതുകൊണ്ടാണ് യഥാർത്ഥത്തിൽ തങ്കമ്മ ഇതിൽ ശുഷ്ക്കാന്തി കാണിക്കാതിരുന്നത്. തന്മൂലം ആ പള്ളിയിൽ വികാരിയായി വരുന്ന അച്ചന്മാർക്കെല്ലാം തങ്കനോടും സരസമ്മയോടും പ്രത്യേകം സ്നേഹമാണ്. കാര്യമിങ്ങനെ ആണെങ്കിലും ആ പള്ളിയിൽ വരുന്ന എല്ലാ അച്ചന്മാർക്കും തങ്കമ്മയോട് പ്രത്യേക ബഹുമാനമാണ്.

ഈ സ്ത്രീകൾ രണ്ടു പേരും നേഴ്സിംഗ് വിഭാഗത്തിലാണ് ജോലിയെങ്കിലും, തങ്കമ്മ ലൈസൻസ്ഡ് പ്രാക്ടീസ് നേഴ്സും സരസമ്മ നേഴ്സ് ടെക്നീഷ്യനുമാണ്. രണ്ടു പേരും വ്യത്യസ്ഥ സ്ഥലങ്ങളിലാണ് ജോലിയും ചെയ്യുന്നത്.

ഒരിക്കലും പ്രതീക്ഷിക്കാത്തതു പോലെ തങ്കമ്മയും കുടുംബവും സരസമ്മയുടെ വീടിന് വളരെ അടുത്ത് ഒരു വീടു വാങ്ങി. രണ്ടു കൂട്ടർക്കും നടന്നു പോകതക്ക ദൂരം. ഇതറിഞ്ഞു കൊണ്ടല്ല ജോണി അവിടെ വീട് വാങ്ങിയത്. പക്ഷേ പിന്നീടാണ് അറിഞ്ഞത്, ഇത്രയും അകലത്തിലാണ് ഈ രണ്ട് വീടും എന്നത്.

പ്രായമുള്ള മക്കളെ രണ്ടുപേരേയും വളരെ വർഷങ്ങൾക്കു മുമ്പു തന്നെ വിവാഹം കഴിപ്പിച്ച ശേഷം ജോണിയും തങ്കമ്മയും തനിച്ചാണ് താമസം. അവർക്ക് നല്ല പ്രായം ഉണ്ടെങ്കിലും കണ്ടാൽ അത്രയും പ്രായം തോന്നിക്കത്തില്ല.

അവർ പുതിയ സ്ഥലത്ത് വീട് വാങ്ങിച്ചു എന്നറിഞ്ഞപ്പോൾ തന്നെ സരസമ്മ അവരുടെ വീട്ടിൽ പോയെന്നതു കൂടാതെ നിത്യ സന്ദർശകയായി. പിന്നീട് അത് ആഴ്ചയിലൊരിക്കൽ എന്നായി, പിന്നത് രണ്ടാഴ്ചയിലൊരിക്കൽ എന്നായി. ജോണിക്ക് വേദപുസ്തകമായി നല്ല അറിവെന്നാണ് സരസമ്മയുടെ അഭിതം. ആ കുടുംബത്തെ പറ്റി നല്ല അഭിപ്രായം ഉള്ളതുകൊണ്ട് തങ്കൻ ഭാര്യയെ വിലക്കയതുമില്ല. കൂടാതെ ആരോടെങ്കിലും വർത്തമാനം പറയുന്നത് നല്ലതാണല്ലോ എന്ന അഭിപ്രായക്കാരനാണ് തങ്കൻ. എന്നാൽ ഏകദേശം ഒരു വർഷമായി അവർ അവിടെ താമസമായിട്ടും ഒരിക്കൽ പോലും തങ്കൻ ആ വീട്ടിൽ പോയില്ല. അസൂയയായിരിക്കണം കാരണമെന്ന് ജോണിയും ഭാര്യയും കരുതിയെങ്കിൽ തെറ്റില്ല.

തങ്കമ്മ, എല്ലാ വർഷവും കടയായ കടകളിൽ എല്ലാം പോയി സാധനങ്ങൾ വാങ്ങി പൊതിഞ്ഞു കെട്ടി കൂടെ ജോലി ചെയ്യുന്നവർക്ക് കൊടുക്കുന്ന ഒരു ശീലമുണ്ട്. ആൾക്കാർക്ക് എന്തും ധാരാളമായി കൊടുക്കുന്നതിന് ജോണിയും തങ്കമ്മയും മുന്നിലാണ്. അവരതിൽ വളരെ സന്തോഷം കണ്ടിരുന്നു.

അന്നൊരു ദിവസം സരസമ്മ ഫോൺ ചെയ്ത് തങ്കമ്മയോടെ പറഞ്ഞു: വൈകിട്ട് അവിടെ കാണുമോ? ഞാൻ അങ്ങോട്ട് വരുന്നു.'' ''ഞങ്ങൾ ഉച്ചയ്ക്ക് ഡോളർ സ്റ്റോറിൽ പോകും; മടങ്ങി വന്നാലുടെന വിളിക്കാം.'' അവർ മടങ്ങി വന്നയുടെന തന്നെ വിവരം വിളിച്ചു പറയുകയും ചെയ്തു.

സരസമ്മ പതിവു പോലെ വൈകിട്ട് അവിടെചെന്നു. വർത്തമാനം എല്ലാം കഴിഞ്ഞ് പോകാൻ നേരം കടലാസിൽ പൊതിഞ്ഞ് ക്രിസ്തുമസ് സമ്മാനം സരസമ്മയ്ക്ക് കൊടുത്തു. സരസമ്മ പോകും വഴി ആ കിട്ടിയ സമ്മാനം ആരും കാണാതെ അതു പോലെ തങ്കമ്മയുടെ വീട്ടിലെ കാബേജിൽ ഇട്ടിട്ടായിരുന്നു പോയത്. എന്തായാലും അന്നു രാത്രിയിൽ കാബേജിൽ അബദ്ധവശാൽ നോക്കിയ ജോണി ആ പൊതിക്കെട്ടു കണ്ടു.

അവർ കാര്യമായി ഡോളർ സ്റ്റോറിൽ പോയി സാധനം വാങ്ങി പൊതിഞ്ഞു കെട്ടി എനിക്കു കൊണ്ടു തന്നിരിക്കുന്നു എന്ന ചിന്താ ഗതിയിലായിരുന്നു സരസമ്മ അത് ഗാബേജിൽ കളഞ്ഞിട്ട് പോയത്.

നമ്മളോട് ഇത്രയും സ്നേഹവും താല്പര്യവുമുള്ള സരസമ്മയ്ക്ക് നല്ല വില പിടിപ്പുള്ള സമ്മാനം കൊടുക്കണമെന്ന ചിന്തയിൽ ഏകദേശം അറുപത് ഡോളർ വിലയുള്ള ഏറ്റവും നല്ല പെർഫ്യൂം ഏറ്റവും കൂടിയ കടയിൽ നിന്ന് വാങ്ങി പൊതിഞ്ഞു കെട്ടിയായിരുന്നു കൊടുത്തത്.

രാത്രി ആയെങ്കിലും അന്നേരം തന്നെ, ആ പൊതി അഴിക്കാതെ അതു പോലെ അതുകൊണ്ട് ജോണിയും തങ്കമ്മയും കൂടെ സരസമ്മയുടെ വീട്ടിൽ ചെന്ന് വിവരം പറഞ്ഞ് ആ പൊതി അവരുടെ മുൻപിൽ വെച്ചു തന്നെ അഴിച്ച് കാണിച്ച് കൊടുത്തു. അതിനു ശേഷം സരസമ്മയുമായുള്ള കൂട്ടുക്കെട്ടിന് തങ്കമ്മയ്ക്ക് താല്പര്യമില്ലാതായി.

പിന്നീടന്വേഷിച്ചപ്പോഴാണ് അറിയുന്നത് സരസമ്മ വെറും എട്ടാം ക്ലാസു മാത്രം വിദ്യാഭ്യാസമുള്ള ആളാണെന്ന്. തങ്കമ്മ ബി. എസ്സിയും പഠിച്ച ശേഷം നേഴ്സിംഗ് പഠിച്ച ആളാണ്. ജോണിയും കേരളത്തിലെ കോളേജിൽ ലെക്ച്ചററായി ജോലി ചെയ്തിരുന്ന ആളാണ്. പക്ഷേ അയാൾ അമേരിക്കയിൽ കമ്പിനിയിൽ കൂലി വേലയാണ് ചെയ്തത്, നല്ല ശമ്പളത്തിനായി.